SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

**STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]**
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
**Phone: 0471 2348581, 2342950, 2342271, 2342369 Fax: 0471 2344841, email : ksos8581@gmail.com**

No. DCA/2727/17/SCOLE-Kerala Date:17.08.2017

# അറിയിപ്പ്

**ഡി.സി.എ കോഴ്സ് പുതിയ പഠനകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

സ്കോൾ-കേരള മുഖാന്തിരം തൊഴിലധിഷ്ഠിത കോഴ്സായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ളിക്കേഷൻ (ഡി.സി.എ) കോഴ്സ് തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ആരംഭിക്കുവാൻ സർക്കാർ ഉത്തരവ് നം. 4664/2013/G.Edn തീയതി. 04.11.2013 പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ 80 ഹയർസെക്കണ്ടറി സ്കൂളുകൾ ഡി.സി.എ പഠനകേന്ദ്രങ്ങളായി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കോഴ്സ് സർട്ടിഫിക്കറ്റ് പി.എസ്.സി വഴി ജോലി ലഭിക്കുന്നതിനുള്ള യോഗ്യതയായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഹയർസെക്കണ്ടറി കോഴ്സിന് സമാന്തരമായി ഡി.സി.എ പഠനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ട്.

സ്കോൾ-കേരള ഡി.സി.എ കോഴ്സ് മൂന്നാം ബാച്ചിന്റെ രജിസ്ട്രേഷൻ നടപടികൾ 2017 സെപ്തംബർ ആദ്യവാരം ആരംഭിക്കുന്നതാണ്. ഡി.സി.എ കോഴ്സ് പഠനകേന്ദ്രം പുതുതായി ആരംഭിക്കുവാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾമാർ സ്കോൾ-കേരള വെബ് സൈറ്റായ www.scolekerala.org ൽ പ്രസിദ്ധീകരിച്ചിട്ടുള്ള അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്തെടുത്ത് 26.08.2017 ന് മുമ്പ് സംസ്ഥാന കാര്യാലയത്തിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**കോഴ്സിന് ചേരാനുള്ള യോഗ്യതയും മറ്റ് മാനദണ്ഡങ്ങളും**

1. സർക്കാർ/എയ്ഡഡ് ഹയർസെക്കണ്ടറി/വൊക്കേഷണൽ സ്കൂളുകൾ ആയിരിക്കും ഡി.സി.എ പഠനകേന്ദ്രങ്ങളായി അനുവദിക്കുന്നത്.
2. പഠനകേന്ദ്രത്തിനായി അപേക്ഷിക്കുന്ന സ്കൂളുകൾക്ക് കുറഞ്ഞത് 12 കമ്പ്യൂട്ടറുകൾ ഉള്ള കമ്പ്യൂട്ടർ ലാബ് സൗകര്യം ഉണ്ടായിരിക്കണം. ലാബ് സൗകര്യമില്ലാത്ത ഹയർസെക്കണ്ടറി സ്കൂളുകൾക്ക് ഹൈസ്കൂൾ ഹെഡ് മാസ്റ്ററുടെ സമ്മതത്തോട് കൂടി ലാബ് ഉപയോഗിക്കാവുന്നതാണ്. ഇത്തരം സ്കൂളുകളുടെ അപേക്ഷകൾ ഹെഡ് മാസ്റ്ററുടെ സമ്മതപത്രത്തോട് കൂടി മാത്രമെ സ്വീകരിക്കുകയുള്ളു.
3. എസ്.എസ്.എൽ.സി /തത്തുല്യ യോഗ്യതയുള്ള ആർക്കും പ്രായപരിധിയില്ലാതെ പ്രവേശനം നേടാം.
4. ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സമയങ്ങളിൽ രണ്ടാം ശനി, ഞായർ മറ്റ് പൊതു അവധി ദിവസങ്ങളിലാണ് കോഴ്സ് സമ്പർക്ക ക്ലാസ്സുകൾ ക്രമീകരിച്ചിട്ടുള്ളത്.
5. 6 മാസമാണ് കോഴ്സ് കാലാവധി. 144 മണിക്കൂർ തിയറി ക്ലാസ്സും 96 മണിക്കൂർ പ്രാക്റ്റിക്കൽ ക്ലാസ്സും ഉൾപ്പെടെ ബാച്ച് ഒന്നിന് 240 മണിക്കൂർ സമ്പർക്ക ക്ലാസ്സ് അനുവദിക്കേണ്ടതുണ്ട്.
6. കോഴ്സ് ഫീസ് 4800 രൂപയാണ്. രണ്ട് തുല്യ തവണകളായി ഫീസ് ഒടുക്കാൻ അവസരം ലഭ്യമാണ്.

7 ഒരു പഠനകേന്ദ്രത്തിൽ ഒരു ബാച്ചിൽ കുറഞ്ഞത് 35 വിദ്യാർത്ഥികൾ ഉണ്ടായിരിക്കണം.

8 കോഴ്സ് നടത്തിപ്പിന്റെ പൂർണ്ണ ചുമതല അതത് സ്കൂൾ പ്രിൻസിപ്പാളിനായിരിക്കും. കോഡിനേറ്റിംഗ് അധ്യാപകൻ, ക്ലാസ്സ് കൈകാര്യം ചെയ്യുന്ന അധ്യാപകർ, ലാബ് അസിസ്റ്റന്റ് എന്നിവരെ നിയമിക്കുന്നത് പ്രിൻസിപ്പാളാണ്. ഡി.സി.എ കോഴ്സ് സമ്പർക്ക ക്ലാസ്സ് സംഘാടനം, പരീക്ഷ നടത്തിപ്പ്, അധ്യാപകരുടെയും അനധ്യപകരുടയും പ്രതിഫലവും, സ്കൂളിലുള്ള കമ്പ്യൂട്ടർ മെയിന്റനൻസ് (ലാബ്) ഫീസ് എന്നിവ ക്ലെയിം ചെയ്യുന്നതിനും, വിതരണം ചെയ്യുന്നതിനുമുള്ള പൂർണ്ണ ഉത്തരവാദിത്വം പ്രിൻസിപ്പാളിനായിരിക്കും.

9 വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നിവ സ്കോൾ-കേരളയുടെ പ്രത്യേക ചെലാനിൽ പോസ്റ്റ് ഓഫീസുകൾ മുഖേന ഒടുക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

10 പഠനകേന്ദ്രത്തിലെ ഒരു അധ്യാപകനെ പ്രിൻസിപ്പാളിന് ഡി.സി.എ കോഴ്സ് കോഡിനേറ്ററായി ചുമതലനൽകാവുന്നതാണ്. സ്കോൾ-കേരള ലഭ്യമാക്കുന്ന മാതൃക ടൈംടേബിൾ പ്രകാരം സമ്പർക്ക ക്ലാസ്സുകൾ ക്രമീകരിക്കേണ്ടതും, അധ്യപകരുടെയും, അനധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും ഹാജർ നില കൈകാര്യം ചെയ്യുന്നതും, സ്കോൾ-കേരളയിൽ നിന്നും ലഭ്യമാകുന്ന സർക്കുലറുകൾ യഥാസമയം പ്രിൻസിപ്പാളിന്റെ ശ്രദ്ധയിൽപ്പെടുത്തി സമയോചിതമായി ജോലികൾ പൂർത്തിയാക്കേണ്ടത് കോഡിനേറ്ററുടെ ഉത്തരവാദിത്വമാണ്.

11 ഡി.സി.എ കോഴ്സ് രജിസ്ട്രേഷൻ അനുബന്ധ അപേക്ഷകൾ വിദ്യാർത്ഥികൾ അതത് പഠനകേന്ദ്രങ്ങളിലാണ് സമർപ്പിക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ സ്കോൾ-കേരള നിർദ്ദേശാനുസരണം യഥാസമയം സംസ്ഥാന ഓഫീസിൽ തപാൽ മാർഗ്ഗം അയക്കേണ്ടതാണ്.

12 ഡി.സി.എ ഇന്റേണൽ, എക്സ്റ്റേണൽ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് സ്കോൾ-കേരളയിൽ നിന്നും ലഭ്യമാകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പരീക്ഷ ചുമതലകൾ പൂർത്തിയാക്കേണ്ടതാണ്.

13 ഡി.സി.എ കോഴ്സ് പഠനകേന്ദ്രമായി അനുവദിച്ച സ്കൂളിന് സമ്പർക്ക ക്ലാസ്സ് സംഘാടനത്തിനായി ചുവടെ പറയുന്ന നിരക്കിൽ പ്രതിഫലം അനുവദിക്കും

| | |
|---|---|
| പ്രിൻസിപ്പാൾ | - രൂപ 6000/- ബാച്ച് |
| കോഡിനേറ്റിംഗ് ടീച്ചർ | - രൂപ 12000/- ബാച്ച് |
| ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന അധ്യാപകന് | - രൂപ 200/- മണിക്കൂറിന് |
| ലാബ് അസിസ്റ്റന്റ് | - രൂപ 100/- 3 മണിക്കൂറിന് |
| ലാബ് മെയിന്റനൻസ് ഫീസ് | - രൂപ 400/- വിദ്യാർത്ഥി |

**ഒപ്പ്**

**എക്സിക്യൂട്ടീവ് ഡയറക്ടർ**